## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *39 — **10.06.2014**- ൽ മറുപടിക്ക്

**<u>സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. വർക്കല കഹാർ :**<br>**ശ്രീ. ബെന്നി ബെഹനാൻ :**<br>**ശ്രീ. ലൂഡി ലൂയിസ് :**<br>**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2012-13 വർഷത്തിൽ കേരളത്തിലെ 14 ജില്ലകളിലെ തെരെഞ്ഞെടുത്ത 40 ബ്ലോക്കുകളിലായി 40 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 40 ഉം 2013-2014 വർഷത്തിൽ 20 ബ്ലോക്കുകളിലെ 20 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 20 ഉം അടക്കം 60 കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) കർഷക സേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷിക ഉപകരണങ്ങളുടെ |

സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷി രീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജന ക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉൽപ്പാദന സംഭരണ വിപണന പ്രവർത്തനങ്ങൾക്ക് മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തുക. നബാർഡ്, എൻ.സി. ഡി.സി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷിവകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുകയും കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽസേന രൂപീകരിക്കുക

കാർഷിക സർവ്വകലാ ശാല, റെയ്ഡ്കോ തുടങ്ങിയവയുടെ. സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) കർഷകർക്കാവശ്യമുള്ള ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിലൂടെയും കൃഷിക്കനുയോജ്യമായ എല്ലാ കാർഷിക യന്ത്രങ്ങളുടെയും സേവനം ലഭ്യമാക്കുന്നതിലൂടെയും, കർഷകന് വേണ്ട എല്ലാ കാർഷിക സേവനങ്ങളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിലൂടെയും കാർഷിക ഉൽപ്പന്നങ്ങൾ ഫലപ്രദമായി സൂക്ഷിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നതു വഴി മികച്ച ആദായം ലഭ്യമാക്കുന്നതിനും, വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന കാർഷിക പ്രവർത്തനങ്ങൾ/പദ്ധതികൾ എന്നിവ ഏകോപിപ്പിച്ച് നടത്തുന്നതു വഴിയും കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതു വഴിയും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ പ്രവർത്താനങ്ങളും നടത്തുന്നതിലൂടെയും കാർഷിക ഉൽപ്പാദനം ഉയർത്തുവാൻ കഴിയുമെന്ന് വിലയിരുത്തി യിട്ടുണ്ട്.

| | |
|---|---|
| ഡി) കർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ? | (ഡി) 2012-2013 വർഷത്തിൽ കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട 40 സഹകരണ സംഘങ്ങൾ മുഖേന ആദ്യഘട്ടമായി 40 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കാൻ തെരെഞ്ഞെടുക്കുകയും ഇതിൽ 37 സെന്ററുകൾ ഇതിനകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുള്ളതും 2013-2014 വർഷത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 20 ബ്ലോക്കുകളിലെ 20 സഹകരണ സംഘങ്ങളിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ